(ഡി) പൂട്ടിക്കിടക്കുന്ന വനിതാ വ്യവസായസംരംഭങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 31.1.2000 വരെ 11842 വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽനിന്നും കെട്ടിടനിർമ്മാണ ഗ്രാന്റ്, കെട്ടിട വാടക ഗ്രാന്റ്, മെഷീനറി ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ്, പരിശീലനത്തിനായുള്ള ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ മറ്റ് ചെറുകിട വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും വനിതാ വ്യവസായങ്ങൾക്കും ലഭ്യമാണ്.

(സി) വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായവകുപ്പ്, കിറ്റ്കോ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സ്റ്റെഡ് എന്നീ ഏജൻസികൾ സംയുക്തമായും പ്രത്യേകമായും സംരംഭകത്വവികസന പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) പൂട്ടിക്കിടക്കുന്ന വനിതാ വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ധനകാര്യസ്ഥാപനങ്ങളുമായി ആലോചിച്ച് അവരുടെ അംഗീകാരത്തോടെ പീഡിത വ്യവസായ പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യങ്ങൾ നൽകിവരുന്നു.

7 (2155) അടച്ചുപൂട്ടിയ വ്യവസായങ്ങൾ

ശ്രീ. പി.കെ. അബ്ദുറബ് :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വ്യവസായങ്ങളാരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽനഷ്ടപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

(ഡി) 1996-നു ശേഷം എത്ര വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 31.1.2000 വരെ 72195 ചെറുകിട വ്യവസായങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ ഈ കാലയളവിൽ 32 കമ്പനികൾ വ്യവസായം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 160 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ പാർക്കു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ 25-ൽ പരം വ്യവസായസംരംഭകർ ഭൂമി ഏറ്റെടുത്ത് വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഏകദേശം 2,75,994 ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ 14 വ്യവസായങ്ങളും ചെറുകിട വ്യവസായമേഖലയിൽ 91 വ്യവസായ യൂണിറ്റുകളും അടച്ചുപൂട്ടിയിട്ടുണ്ട്. ഇവയിലെല്ലാംകൂടി ഏകദേശം 865-ൽപ്പരം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

8 (2156) അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാം;

(ബി) ഇവ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഓരോന്നിനും എന്തു തുക മുടക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനുവേണ്ടിവരുന്ന സാമ്പത്തികസഹായം തേടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി)(സി)&(ഡി) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായങ്ങളെ പുനഃരുദ്ധരിക്കുന്നതിന് വളരെ സമഗ്രമായ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടനയ്ക്കും നവീകരണത്തിനും വിവിധപദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തത നേരിടുന്ന വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly